**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 594** **17-09-2025 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളിലെ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ ഓഡിറ്റിംഗ് വിഭാഗം വിവിധ സർവകലാശാലകളിൽ പരിശോധന നടത്തി വരുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട് . 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ എന്നിവ പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് സർവ്വകലാശാലകളുടെ ഓഡിറ്റ് നിർവ്വഹിക്കുന്നു. |
| (ബി) | സർവകലാശാലകൾക്ക് സർക്കാരിന്റെ ഓഡിറ്റിംഗ് ബാധകമല്ലെന്നും അതിനാൽ സർവകലാശാലകളിൽ സർക്കാരിന്റെ ഓഡിറ്റിംഗ് നടത്തേണ്ടതില്ലെന്നും അറിയിച്ചുകൊണ്ട് ഏതെങ്കിലും സർവകലാശാല കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | സർക്കാരിലേക്ക് നേരിട്ട് കത്ത് ലഭിച്ചിട്ടില്ല. എന്നാൽ എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ ഓഡിറ്റ് കാര്യാലയത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ സർവ്വകലാശാല രജിസ്ട്രാർ ഓഡിറ്റ് ജോയിന്റ് ഡയറക്ടർക്ക് കത്ത് നല്കുകയും തുടർന്ന് സർക്കാർ ഇക്കാര്യം പരിശോധിക്കുകയും കൺകറന്റ് ഓഡിറ്റ് സംവിധാനം അവസാനിപ്പിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ കഴിയുന്നതല്ല എന്ന വിവരം ടി സർവ്വകലാശാല രജിസ്ട്രാറെയും സംസ്ഥാന ഓഡിറ്റ് വകുപ്പ് മേധാവിയെയും അറിയിച്ചിരുന്നു. |
| (സി) | ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമപ്രകാരം സംസ്ഥാനത്തെ എല്ലാ സർവകലാശാലകളുടേയും ഓഡിറ്റിംഗ് സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാണോ; വിശദമാക്കുമോ? | (സി) | 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ എന്നിവ പ്രകാരമാണ് സംസ്ഥാന ഓഡിറ്റ് വകുപ്പ് സർവ്വകലാശാലകളുടെ ഓഡിറ്റ് നിർവ്വഹിക്കുന്നത്. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ ഷെഡ്യൂൾ പ്രകാരം സംസ്ഥാനത്തെ എല്ലാ സർവ്വ കലാശാലകളുടെയും ഓഡിറ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാണ്. അതിൻ പ്രകാരം ഓഡിറ്റ് നടപടികൾ സ്വീകരിച്ചു വരുന്നു. കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നൊവേഷൻ ആൻഡ് ടെക്നോളജി, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS) എന്നീ സ്ഥാപനങ്ങൾ ഓഡിറ്റ് പരിധിയിൽ വരുന്നില്ല. കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നൊവേഷൻ ആൻഡ് ടെക്നോളജിയുടെ 2021 ലെ നിയമ പ്രകാരം പ്രസ്തുത യൂണിവേഴ്സിറ്റിയുടെ ഓഡിറ്റ് C&AG |

| | | | |
|---|---|---|---|
| | | | നിർവ്വഹിക്കണമെന്നു നിഷ്കർഷിച്ചിട്ടുണ്ട്. NUALS ന്റെ ഓഡിറ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള ഉത്തരവ് സ.ഉ (സാധാ) നം. 1510/2019/ധന തീയതി 27.02.2019 പ്രകാരം റദ്ദാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

" ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം- നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ ഓഡിറ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കി കൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.1510/2019/ധന** **തീയതി,തിരുവനന്തപുരം,27/02/2019.**

പരാമർശം :- 1) സ.ഉ(സാധാ)നം.6707/2018/ധന, തീയതി 06/08/2018

2) നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് രജിസ്ട്രാറുടെ 15/09/2018-ലെ NUALS/S1/276/2018 നം കത്ത്.

**ഉത്തരവ്**

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ 2017-18 സാമ്പത്തിക വർഷം മുതലുള്ള ഓഡിറ്റ് ചുമതല കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 10-03-2018 ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം ടി സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് നിർവഹിക്കുന്നതിന് വിജയരാജൻ & അസ്സോസിയേറ്റ്സ് എന്ന ഓഡിറ്റ് സ്ഥാപനത്തെ നിയമിച്ചിട്ടുണ്ടെന്നും പ്രസ്തുത ഓഡിറ്റ് ഭൂരിഭാഗവും പൂർത്തിയായി റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അവസാനഘട്ടത്തിലാണെന്നും ആയതിനാൽ ടി ഓഡിറ്റിന്റെ ആവർത്തനമാകും പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം ഓഡിറ്റ് വകുപ്പ് നിർവഹിക്കുന്നതെന്നും ആയതിനാൽ പരാമർശം 1-ലെ ഉത്തരവിൽ ഭേദഗതി വരുത്തി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ 2018-19 സാമ്പത്തിക വർഷം മുതലുള്ള ഓഡിറ്റ് ചുമതല കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസസ് ലീഗൽ സ്റ്റഡീസ്, രജിസ്ട്രാർ പരാമർശം 2-ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകൾ സി & എ.ജി യുടെ ഓഡിറ്റിനു വിധേയമാക്കി വരുന്നതിനാലും ടി സ്ഥാപനത്തിന്റെ ഓഡിറ്റ് നിർവഹിക്കുന്നതിൽ നിന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ഒഴിവാക്കുന്നതിനായി, പരാമർശം 1 ലെ സർക്കാർ ഉത്തരവ്

റദ്ദാക്കിക്കൊണ്ടും യൂണിവേഴ്സിറ്റിക്ക തന്നെ അനുയോജ്യരായ ചാർട്ടേഡ് അക്കൗണ്ടന്റ്മാരെ കൊണ്ട് ഓഡിറ്റ് നടത്തുന്നതിനുള്ള അനുമതി നൽകികൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )
**ശ്രീനി.ജി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
ഫയൽ നം . എസ്റ്റാ.ഡി1/132/2017/ധന(ഇ: 636460)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ